**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **22-07-2021 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് ലോക് ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പാ തിരിച്ചടവിന് ഒരു വർഷക്കാലത്തേക്ക് ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 –Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 – Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ റിസർവ്വ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും |

| | | | |
|---|---|---|---|
| | | | ബഹു.മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | വായ്പാ തിരിച്ചടവ് മുടങ്ങിയതിന്റെ പേരിൽ ജപ്തി നടപടികൾ നേരിടുന്നവർക്ക് ഒരു വർഷക്കാലത്തേക്ക് മൊറട്ടോറിയം ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 –Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 – Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ റിസർവ്വ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു.മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ